**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല – ഇട്ടിവ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. ബഷീറിനെതിരായ അച്ചടക്ക നടപടി – ഔപചാരിക അന്വേഷണത്തിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. മനുഭായിയെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2598/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 09.10.2018

==============================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 04.11.2016-ലെ ഡി6-20271/16 നമ്പർ കുറ്റപത്രം
2. പഞ്ചായത്ത് ഡയറക്ടറുടെ 29.08.2017-ലെ ഡി6-20271/16 നമ്പർ നടപടിക്രമങ്ങൾ
3. സർക്കാരിന്റെ 11.06.2018-ലെ ഇപിബി2/50/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

30/x/18

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ബഷീർ, മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 2000 kg. ബ്ലീച്ചിംഗ് പൗഡർ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ സമർപ്പിച്ച അപേക്ഷയിന്മേൽ 18.05.2016-ലെ കമ്മിറ്റി തീരുമാനപ്രകാരം ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നതിനും 27.05.2016-ലെ തീരുമാനപ്രകാരം ക്വട്ടേഷൻ അംഗീകരിച്ച് സാധനങ്ങൾ വാങ്ങുന്നതിനും തീരുമാനിച്ചതായി രേഖപ്പെടുത്തുകയും എന്നാൽ ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിന്റെ ക്വട്ടേഷൻ സംബന്ധിച്ച് കമ്മിറ്റിയിൽ തീരുമാനങ്ങൾ കൈക്കൊണ്ടതായോ പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയതായോ കാണുന്നില്ലായെന്നും ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതും ബ്ലീച്ചിംഗ് പൗഡർ വാങ്ങിയതും പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി ഇല്ലാതെയും നിയമപരമായി പാലിക്കേണ്ടുന്ന യാതൊരുവിധ നടപടിക്രമങ്ങളും പാലിക്കാതെയുമാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇട്ടിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ബഷീറിന് സൂചന (1) പ്രകാരം കുറ്റാരോപണ പത്രിക നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

തുടർന്ന് ശ്രീ. എസ്. ബഷീർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. എസ്. ബഷീർ സമർപ്പിച്ച മറുപടി ഉചിതമായി കാണുന്നില്ലെന്നും ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ 4 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചതായി കാണുന്നുവെന്നും എന്നാൽ സാധനം വാങ്ങുന്നതിനുള്ള കമ്മിറ്റി തീരുമാനം ഫയലിൽ ലഭ്യമല്ലെന്നും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാതെ ബി.എം. കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ബ്ലീച്ചിംഗ് പൗഡർ വാങ്ങുകയാണ് ചെയ്തിട്ടുള്ളതെന്നും ബി.എം. കെമിക്കൽസിന്റെ 01.06.2016-ലെ ബിൽ പ്രകാരമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്നും തൊട്ടടുത്ത ദിവസം തന്നെ 02.06.2016-ൽ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് ബി.എം. കെമിക്കൽസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും ക്വട്ടേഷൻ നൽകിയ തീയതി സാധനം വാങ്ങിയ തീയതിക്കു ശേഷമാണ് എന്നതിനാൽ സാധനം വാങ്ങി പെയ്മെന്റ് നടത്തിക്കഴിഞ്ഞതിനു ശേഷമാണ് രേഖകൾ തയ്യാറാക്കിയിട്ടുള്ളത് എന്നു കാണാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ശ്രീ. എസ്. ബഷീറിനെതിരെ പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.07.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാന്റെ പഞ്ചായത്ത് ഡയറക്ടർ ശ്രീ. ബഷീറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി സൂചന (2) പ്രകാരം തീർപ്പാക്കുകയും ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയും ചെയ്തു. തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി ഇല്ലാതെയും നിയമപരമായി പാലിക്കേണ്ടുന്ന യാതൊരുവിധ നടപടിക്രമങ്ങളും പാലിക്കാതെയുമാണ് ബ്ലീച്ചിംഗ് പൗഡർ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതും ബ്ലീച്ചിംഗ് പൗഡർ വാങ്ങിയതും എന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ കാരണം കാണിക്കൽ നോട്ടീസ് ശ്രീ. എസ്. ബഷീർ 28.07.2018-ന് കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കാരണം കാണിക്കൽ നോട്ടീസ് ശ്രീ. എസ്. ബഷീർ 28.07.2018-ന് കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. എസ്. ബഷീറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഇട്ടിവ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. ബഷീറിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. മനുഭായിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീമതി. മനുഭായ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
   (പരാമർശം (1), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീ. എസ്. ബഷീർ, മുൻ സെക്രട്ടറി, ഇട്ടിവ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ഇട്ടിവ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/50/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ